പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3627 20/10/2016-ൽ മറുപടിക്ക്

## കെ-ടെറ്റ് പരീക്ഷാ ബോർഡിനുള്ള അധികാരങ്ങൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പി. ഉബൈദുള്ള | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) കെ-ടെറ്റ് പരീക്ഷാ ബോർഡിന് സർക്കാർ നൽകിയിട്ടുള്ള അധികാരങ്ങൾ വിശദീകരിക്കാമോ; | (എ) പൊതുവിദ്യാഭ്യാസ സെക്രട്ടറി, പരീക്ഷാ കമ്മീഷണർ, ഡയറക്ടർ എസ്.സി.ഇ.ആർ.ടി, ഡയറക്ടർ എൽ.ബി.എസ്, പരീക്ഷാ സെക്രട്ടറി എന്നിവർ ചേർന്നതാണ് കെ-ടെറ്റ് പരീക്ഷാ ബോർഡ്. ഓരോ വർഷത്തെയും പരീക്ഷാ നടത്തിപ്പ് (മിനിമം മാർക്ക്, സംവരണ വിഭാഗങ്ങൾക്കുള്ള ഇളവ്, മോഡറേഷൻ എന്നിവയും), പരീക്ഷ എഴുതുന്നതിനുള്ള യോഗ്യത ഉൾപ്പെടെ ഭരണപരമായി എല്ലാ തീരുമാനങ്ങളും ബോർഡ് കൂടിയാണ് തീരുമാനിക്കാറുള്ളത്. |
| (ബി) മാർക്കിളവ് നൽകുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതാരാണെന്ന് വ്യക്തമാക്കുമോ; | (ബി) റിസൾട്ട് പ്രഖ്യാപനത്തിനു മുൻപ് കെ-ടെറ്റ് പരീക്ഷാ ബോർഡ് യോഗം ചേർന്നാണ് തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. |
| (സി) 2014 ൽ നടത്തിയ കെ-ടെറ്റ് പരീക്ഷാ കാറ്റഗറി ഒന്നിൽ അസാധുവാക്കിയ രണ്ട് ചോദ്യങ്ങളുടെ മാർക്ക് ജനറൽ വിഭാഗത്തിന് കുറച്ച് നൽകിയെങ്കിലും സംവരണ വിഭാഗങ്ങൾക്ക് മന:പൂർവ്വം മാർക്കിളവ് നൽകാതിരുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) എങ്കിൽ ഇതിനുത്തരവാദിയായവർക്കെതിരെ മാതൃകാപരമായ അച്ചടക്ക നടപടികൾ സ്വീകരിക്കുമോ; | (ഡി) ബാധകമല്ല. |
| (ഇ) സംവരണ വിഭാഗങ്ങൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ കൃത്യമായി നൽകുന്നുണ്ടോ എന്നുറപ്പ് വരുത്താൻ കെ-ടെറ്റ് പരീക്ഷാ ബോർഡിൽ പ്രത്യേക പരിശോധക സ്ക്വാഡിനെ ചുമതലപ്പെടുത്തുമോ? | (ഇ) സംവരണ വിഭാഗങ്ങൾക്ക് 2012 ൽ കെ-ടെറ്റ് ആരംഭിച്ചതുമുതൽ മാർക്കിളവ് നൽകി വരുന്നുണ്ട്. പരീക്ഷാബോർഡ് തന്നെ ഇതു നേരിട്ട് പരിശോധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ